**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3242** **11-03-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കാത്തതുകാരണം സ്കൂളിൽ ഉണ്ടായ പ്രതിസന്ധികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സ.ഉ(സാധാ)നം. 3392/2022/പൊവിവ തീയതി 04.06.2022 ലെ ഉത്തരവ് പ്രകാരം പേരാമ്പ്ര ശ്രീ വാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും അനുബന്ധ തുടർ നടപടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർ നടപടികൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന് 08.11.2022, 25.11.2024 തീയതികളിൽ ബഹു. ടി പി രാമകൃഷ്ണൻ എം.എൽ.എ(പേരാമ്പ്ര) യുടെ അദ്ധ്യക്ഷയതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളുമായി ചർച്ച നടത്തി തീരുമാനങ്ങൾ ഏടുത്തിരുന്നു. ടി യോഗതീരുമാനങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 23.12.2024 തീയതിയിൽ ബഹു. ടി.പി രാമകൃഷ്ണൻ എം.എൽ.എ(പേരാമ്പ്ര) സർക്കാരിൽ കത്ത് നൽകിയിരുന്നു. ആയതിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | മേല്പറഞ്ഞ സ്കൂളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 25.11.2024-ന് സ്കൂളിൽ യോഗം ചേർന്നിരുന്നോയെന്നും പ്രസ്തുത യോഗത്തിൽ ആരൊക്കെ പങ്കെടുത്തു, എന്തെല്ലാം തീരുമാനങ്ങൾ എടുത്തു എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | എം എൽ എ യുടെ അദ്ധ്യക്ഷയതയിൽ യോഗം ചേർന്നിരുന്നു.<br>എം എൽ എ<br>റീജിണൽ ഡെപ്യൂട്ടി ഡയറക്ടർ<br>വിദ്യാഭ്യാസ ഉപഡയറക്ടർ<br>ജില്ലാ വിദ്യാഭ്യാസ ഓഫീസർ<br>പി.ടി.എ പ്രസിഡന്റ്<br>ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ജൂനിയർ |

സുപ്രണ്ട് (2)

പ്രധാനാധ്യാപിക ക്ലാർക്ക് (സ്കൂൾ)

റീജിണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സുപ്രണ്ട് ക്ലാർക്ക് (റീജിണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം) പി ടി എ അംഗങ്ങൾ, അധ്യാപകർ എന്നിവർ പങ്കെടുത്തിരുന്നു.

തീരുമാനങ്ങൾ

30 വർഷം വരെ സർവ്വീസുള്ള അധ്യാപിക ഉൾപ്പടെ എല്ലാ ജീവനക്കാരുടേയും സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഉചിത മാർഗ്ഗേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുക.

ആസ്തി ബാധ്യതകൾ സർക്കാരിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുക.

അക്കാദമികവും ഭൗതികവുമായ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പി.ടി.എ കമ്മിറ്റി ചേരുക

ഇംഗ്ലീഷ് യോഗ്യതയുള്ള അധ്യാപികയെ നിയമിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി ആളെ നിയമിക്കുക. പ്രധാനാധ്യാപികക്ക് ചുമതല.

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുക.

നിലവിൽ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ തസ്തിക ഇല്ലാത്തതിനാൽ താൽക്കാലികമായി ബി.ആർ.സികളിൽ നിന്ന് അധ്യാപകരെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

അക്കാദമിക നിലവാരം ഉയർത്തുന്നതിന് അധ്യാപകരുടേയും രക്ഷിതാക്കളുടേയും ക്രിയാത്മക പങ്കാളിത്തം ഉറപ്പാക്കുക.

സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അടിയന്തിരമായി വിളിച്ചുചേർക്കുക. പി.ടി.എക്ക് ചുമതല

| | | | |
|---|---|---|---|
| | | | |
| (സി) | പ്രസ്തുത തീരുമാനമനുസരിച്ച് സ്കൂൾ അധികൃതരുടെ ഭാഗത്തുനിന്നും എന്തൊക്കെ നടപടികളുണ്ടായെന്ന് വ്യക്തമാക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |
| (ഡി) | ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് 23.12.2025-ന് 240/24 നമ്പർ കത്ത് ലഭിച്ചിരുന്നോയെന്നും ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ഡി) | 23.12.2024 തീയതിയിൽ ബഹു. പേരാമ്പ്ര എം.എൽ.എ യുടെ കത്ത് സർക്കാരിൽ ലഭിച്ചിരുന്നു. ആയതിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരി ക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | ഈ സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെ അധ്യാപകർക്കും മറ്റ് ജീവനക്കാർക്കും കഴിഞ്ഞ 5 മാസമായി ശമ്പളം ലഭിക്കാത്തതും എന്നാൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ; ഹൈസ്കൂൾ വിഭാഗങ്ങൾക്കു കൂടി ശമ്പളം ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>എച്ച്.എസ്.എസ് വിഭാഗത്തിലെ ജീവനക്കാർ ഇപ്പോഴും എയ്ഡഡ് ഹെഡിൽ ആണ് ശമ്പളം കൈപ്പറ്റുന്നത്. എച്ച്.എസ് വിഭാഗം പ്രധാനാധ്യാപകൻ 31.05.24 ന് വിരമിച്ചിരുന്നു. ഒക്ടോബർ മാസം പുതിയതായി നിയമിക്കപ്പെട്ട പ്രധാനാധ്യാപകൻ ജോയിൻ ചെയ്തതു മുതൽ സ്പാർക്കിൽ ശമ്പളം പ്രൊസസ്സ് ചെയ്യാൻ കഴിയാതെയായി. ഡി.ഡി.ഒ കോഡ് മാറ്റുന്നതിനും സ്പാർക്കിൽ എയ്ഡഡിൽ നിന്ന് മാറ്റി സർക്കാർ സ്കൂളായി രേഖപ്പെടുത്തുന്നതിനും അപേക്ഷ സമർപ്പിച്ചിരുന്നു. 04.01.25 ലെ സർക്കാർ ഉത്തരവ് (സാധാ) 93/25/പൊ.വി.വ പ്രകാരം സ്കൂളിലെ ഹൈസ്കൂൾ വിഭാഗം ജീവനക്കാർക്ക് ശമ്പളം മാറുന്നതിനുള്ള ശീർഷകം ഗവണ്മെന്റ് സെക്കന്ററി സ്കൂളുകൾക്ക് ബാധകമായ ശീർഷകമാക്കി അനുവദിച്ചിട്ടുണ്ട്. സ്പാർക്ക് സിസ്റ്റത്തിൽ എയ്ഡഡിൽ നിന്നും മാറ്റി സർക്കാർ സ്കൂളായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ ശമ്പളബില്ലുകൾ ട്രഷറിയിൽ നിന്നും മാറി എടുക്കുന്നതിനായി സർക്കാരിൽ നിന്നുള്ള സ്ട്രീം ലൈനിംഗ്<br><br>ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും അനുബന്ധ രേഖകളും 27.02.25 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. ആയത് ധനവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ